സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004



സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക

Visit Swathanthra Mandapam Online

www.swathanthramandapam.com


## ആശങ്കകൾക്കൊടുവിൽ സ്വർണവില കുത്തനെയിടിഞ്ഞു

കൊച്ചി: ആശങ്കകൾക്കൊടുവിൽ സ്വർണവില കുത്തനെയിടിഞ്ഞു. ഒറ്റയടിക്ക് 2480 രൂപയാണ് പവന് കുറഞ്ഞിരിക്കുന്നത്. ഇതോടെ ഇരുപത്തിരണ്ട് കാരറ്റ് ഒരു പവൻ സ്വർണത്തിന് 93280 രൂപയായി. അടുത്തിടെ ആദ്യമായിട്ടാണ് ഒരു ദിവസം ഇത്രയും ഉയർന്ന തുക കുറയുന്നത്. ഗ്രാമിന് 310 രൂപ കുറഞ്ഞ് 11,660 രൂപയായി. 18 കാരറ്റ് സ്വർണം ഗ്രാമിന് 260 രൂപ കുറഞ്ഞ് 9640 രൂപയായി. ചിലയിടത്ത് വെള്ളി വിലയിലും ഇന്ന് ഇടിവ് രേഖപ്പെടുത്തി. ഗ്രാമിന് അഞ്ച് രൂപ കുറഞ്ഞു. ഇതോടെ 180 രൂപയായി. ഇരുപത്തിരണ്ട് കാരറ്റ് സ്വർണത്തിന് ഇന്നലെ രാവിലെ പവന് 1,520 രൂപ വർദ്ധിച്ചിരുന്നു. എന്നാൽ ഉച്ചയ്ക്ക് 1,600 രൂപ കുറഞ്ഞ് 95,760 രൂപയിലെത്തിയിരുന്നു. അതായത് ഇന്നലെയും ഇന്നുമായി നാലായിരം രൂപയിലധികമാണ് കുറഞ്ഞത്.


www.swathanthramandapam.com | വാള്യം: 60 | ലക്കം: 178 | 2025 ഒക്ടോബർ 22 ബുധൻ | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in


# പതിനെട്ടാംപടി ചവിട്ടി സന്നിധാനത്തേക്ക്; ശബരിമല അയ്യനെ തൊഴുത് രാഷ്ട്രപതി



പത്തനംതിട്ട: രാഷ്ട്രപതി ദ്രൗപദി മുർമു സന്നിധാനത്തെത്തി. 11.30ഓടെയാണ് രാഷ്ട്രപതിയും സുരക്ഷാ ഉദ്യോഗസ്ഥരും സന്നിധാനത്ത് എത്തിയത്. പമ്പയിലെത്തി കെട്ടുനിറച്ചാണ് മല ചവിട്ടിയത്. രാഷ്ട്രപതി പതിനെട്ടാംപടി കയറി കൊടിമരച്ചുവട്ടിൽ എത്തിയമ്പോൾ തന്ത്രി കണ്ഠര് മഹേഷ് മോഹനൻ പൂർണകുഭം നൽകി സ്വീകരിച്ചു.

9.05ന് പ്രമാടത്ത് ഇറങ്ങി റോഡ് മാർഗമാണ് രാഷ്ട്രപതി പമ്പയിലെത്തിയത്. ഉച്ചപൂജയും തൊഴുതശേഷം ദേവസ്വം ഗസ്റ്റ് ഹൗസിൽ വിശ്രമിക്കും. വൈകിട്ട് വരെ സന്നിധാനത്ത് തുടരുമെന്നാണ് റിപ്പോർട്ട്. കനത്ത സുരക്ഷയിൽ പ്രത്യേക വാഹനത്തിലാണ് രാഷ്ട്രപതി മല കയറിയത്.

രാത്രിയോടെ തിരിച്ച് തിരുവനന്തപുരത്തെത്തും. പിന്നാലെ ഹോട്ടൽ ഹയാത്ത് റീജൻസിയിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ അർലേക്കർ നൽകുന്ന അത്താഴ വിരുന്നിൽ പങ്കെടുക്കും. രാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് ശബരിമലയിൽ ദർശനത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. 23-ാം തീയതി രാവിലെ 10.30ന് രാജ്ഭവനിൽ കെ.ആർ. നാരായണന്റെ അർദ്ധകായ പ്രതിമ അനാച്ഛാദനം. ഉച്ചയ്ക്ക് 12.50ന് വർക്കല ശിവഗിരിയിൽ ശ്രീനാരായണ ഗുരു മഹാസമാധി ശതാബ്ദിയിൽ മുഖ്യാതിഥിയാകും.

24-ാം തീയതി രാവിലെ 11.35ന് കൊച്ചി നാവിസേന ആസ്ഥാനത്ത് ഇറങ്ങുന്ന രാഷ്ട്രപതി എറണാകുളം സെന്റ് തെരേസാസ് കോളേജിന്റെ ശതാബ്ദി ആഘോഷങ്ങളിൽ മുഖ്യാതിഥിയായി പങ്കെടുക്കും. തുടർന്ന് ബോൾഗാട്ടി പാലസിലെ ഉച്ചഭക്ഷണത്തിനുശേഷം വൈകിട്ട് 4.05ന് അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും ഡൽഹിയിലേക്ക് തിരിച്ചുപോകും.

## മന്ത്രി സുരേഷ് ഗോപിയുടെ വാഹനം തടഞ്ഞു, കാർ തടഞ്ഞിട്ടത് നിവേദനം നൽകാൻ

കോട്ടയം: കേന്ദ്രമന്ത്രി സുരേഷ് ഗോപിയുടെ വാഹനം തടഞ്ഞ് നിവേദനം നൽകാൻ ശ്രമം. ഇന്നുരാവിലെ കോട്ടയത്തിനുസമീപത്തായിരുന്നു സംഭവം. പള്ളിക്കത്തോട് ബസ്സ്റ്റാൻഡ് മൈതാനിയിൽ രാവിലെ കലുങ്ക് സംവാദം പൂർത്തിയാക്കി മടങ്ങിവരുമ്പോഴായിരുന്നു വാഹനം തടഞ്ഞത്. കല്ലാടംപൊയ്ക സ്വദേശി ഷാജിയാണ് വാഹനം തടഞ്ഞെതെന്നാണ് പൊലീസ് നൽകുന്ന സൂചന.

വാഹനം വരുമ്പോൾ റോഡുവക്കിൽ നിൽക്കുകയായിരുന്ന ഇയാൾ സുരേഷ് ഗോപി ഇരുന്ന ഭാഗത്തേക്ക് ഓടിയടുക്കുകയും തുടർന്ന് മുന്നോട്ടുനീങ്ങി വാഹനം തടയുകയുമായിരുന്നു. കൈയിലിരുന്ന ചില പേപ്പറുകൾ ഉയർത്തിക്കാട്ടി ഇത് സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നുണ്ടായിരുന്നു. എന്നാൽ ഡോർ തുറക്കാനോ വാഹനത്തിൽ നിന്ന് പുറത്തിറങ്ങാനോ സുരഷ് ഗോപി തയ്യാറായില്ല.

ഇതിനിടെ പൈലറ്റുപോയ പൊലീസുകാരും വാഹനത്തിന് പിന്നാലെയുണ്ടായിരുന്ന ബിജെപി പ്രവർത്തകരും ഓടിയെത്തി. പ്രവർത്തകരിൽ ഒരാൾ ഷാജിയെ കൈയേറ്റം ചെയ്യാൻ ശ്രമിച്ചു. എന്നാൽ മറ്റുള്ളവരും പൊലീസുംചേർന്ന് ഇയാളെ പിടിച്ചുമാറ്റി. ഷാജിയെ വാഹനത്തിനുമുന്നിൽ നിന്ന് മാറ്റിയതോടെ സുരേഷ് ഗോപി യാത്രതുടർന്നു. തുടർന്ന് ബിജെപി പ്രവർത്തകരും നേതാക്കളും ചേർന്ന് ഇയാളോട് കാര്യങ്ങൾ ചോദിച്ചുമനസിലാക്കി. കാര്യങ്ങൾ പറയുന്നതിനിടെ ഇയാൾ കരയുന്നതും ദൃശ്യങ്ങളിൽ കാണാം.

സാമ്പത്തിക സഹായം അഭ്യർത്ഥിച്ചാണ് ഇയാൾ സുരേഷ് ഗോപിയെ കാണാൻ എത്തിയതെന്നാണ് റിപ്പോർട്ട്. ഷാജിക്ക് മാനസിക പ്രശ്നമുണ്ടെന്ന സംശയവും സ്ഥലത്തുണ്ടായിരുന്ന ചിലർ പ്രകടിപ്പിച്ചു. പിന്നീട് നാട്ടുകാരും പ്രവർത്തകരും ചേർന്ന് ഓട്ടോറിക്ഷയിൽ സുരക്ഷിതമായി വീട്ടിലെത്തിക്കുകയും ചെയ്തു.

## മോദി ഉറപ്പു തന്നെന്ന് ട്രംപ്, തീരുവയിൽ വൻ ഇളവ് ഉണ്ടായേക്കും; വ്യാപാരക്കരാർ യാഥാർത്ഥ്യത്തിലേക്ക്



ന്യൂഡൽഹി: ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന വ്യാപാരക്കരാറിലേക്ക് ഇന്ത്യയും അമേരിക്കയും അടുക്കുന്നതായി സൂചന. ഇന്ത്യക്കുമേൽ ചുമത്തിയ 50 ശതമാനം തീരുവയിൽ വൻ ഇളവ് ട്രംപ് പ്രഖ്യാപിച്ചേക്കും. നിലവിലുള്ള 50 ശതമാനം തീരുവ 15 മുതൽ 16 ശതമാനം വരെ ആയി കുറച്ചേക്കുമെന്നാണ് മിന്റ് റിപ്പോർട്ട് ചെയ്യുന്നത്.

എന്നാൽ ഇരു രാജ്യങ്ങളുടെ ഭാഗത്ത് നിന്നും ഔദ്യോഗിക സ്ഥിരീകരണം ഇതുവരെ ഉണ്ടായിട്ടില്ല. ഊർജ്ജവും കൃഷിയും അടിസ്ഥാനപ്പെടുത്തിയാണ് കരാർ. പടിപടിയായി റഷ്യയിൽ നിന്ന് ഇന്ത്യ എണ്ണ വാങ്ങുന്നത് കുറയ്ക്കാൻ സാധ്യതയുണ്ടെന്നും റിപ്പോർട്ടുകളുണ്ട്.

ചൊവ്വാഴ്ച പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി താൻ സംസാരിച്ചുവെന്ന് ട്രംപ് പറഞ്ഞിരുന്നു. പ്രധാനമായും വ്യാപാരത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചതായും അദ്ദേഹം വ്യക്തമാക്കിയിരുന്നു. റഷ്യയിൽ നിന്ന് എണ്ണ വാങ്ങുന്നത് ഇന്ത്യ പരിമിതപ്പെടുത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി തനിക്ക് ഉറപ്പ് തന്നുവെന്ന് ട്രംപ് വീണ്ടും ആവർത്തിച്ചു.

ട്രംപുമായി സംസാരിച്ചുവെന്ന് നരേന്ദ്ര മോദിയും അറിയിച്ചു. എന്നാൽ എന്താണ് ചർച്ച എന്ന കാര്യത്തിൽ അദ്ദേഹം വ്യക്തമാക്കിയിരുന്നില്ല. ഫോൺ വിളിച്ച് ദീപാവലി ആശംസ നേർന്നതിന് ഡോണാൾഡ് ട്രംപിന് നന്ദി എന്നായിരുന്നു മോദി എക്സിൽ കുറിച്ചത്.

യുക്രൈൻ- റഷ്യ യുദ്ധത്തിൽ റഷ്യയെ സഹായിക്കുന്ന തരത്തതിൽ ഇന്ത്യ എണ്ണ വാങ്ങുന്നുവെന്ന് ആരോപിച്ചാണ് ട്രംപ് ഇന്ത്യക്കുമേൽ തീരുവ ചുമത്തി. ആദ്യഘട്ടത്തിൽ 25 ശതമാനം തീരുവയായിരുന്ന ചുമത്തിയത്. എന്നാൽ ഇന്ത്യ എണ്ണ വാങ്ങുന്നതിൽ നിന്ന് പിന്നോട്ട് പോകാത്ത സാഹചര്യത്തിൽ വീണ്ടും 25 ശതമാനം കൂടി വർധിപ്പിച്ച് 50 ശതമാനം ആക്കി ഉയർത്തുകയായിരുന്നു. പുറത്തുവരുന്ന റിപ്പോർട്ടുകളനുസരിച്ച് ഇവ 15-16 ശതമാനം വരെ ആക്കി കുറച്ചേക്കുമെന്നാണ് സൂചന. വ്യാപാരക്കരാറിലേക്ക് ഇരു രാജ്യങ്ങളും അടുക്കുന്നുവെന്നാണ് മിന്റ് റിപ്പോർട്ടിൽ പറയുന്നത്.

## ദേവസ്വംബോർഡിനെ ചവിട്ടി പുറത്താക്കണം; മന്ത്രി രാജിവെക്കണം: വി.ഡി സതീശൻ

തിരു: ശബരിമലയിലെ സ്വർണ കവർച്ചയുടെ ഉത്തരവാദിത്തമേറ്റെടുത്ത് ദേവസ്വം മന്ത്രി രാജിവെക്കണമെന്ന ആവശ്യവുമായി പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ.

പ്രതിപക്ഷത്തിന്റെ ആവശ്യത്തിന് അടിവരയിടുന്ന പരാമർശമാണ് ഹൈക്കോടതി നടത്തിയതെന്നും, ദേവസ്വം ബോർഡിനെ ചവിട്ടി പുറത്താക്കണമെന്നും പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു.

വലിയ സ്വർണകവർച്ചയാണ് ശബരിമലയിൽ നടന്നതെന്നും, മന്ത്രിക്കും ബോർഡിനും ഇതിൽ പങ്കുണ്ടെന്നും വ്യക്താമാണെന്നും അദ്ദേഹം പറഞ്ഞു.

'പ്രതിപക്ഷം പറഞ്ഞതെല്ലാം ശരിയാണെന്ന് ബോധ്യപ്പെടുത്തുന്നതാണ് ഹൈകോടതി പരാമർശം. 2019ൽ വ്യാജ ചെമ്പുപാളിയുണ്ടാക്കി, ഒറിജിനൽ ദ്വാരപാലക ശിൽപം കോടീശ്വരന്മാർക്ക് വിറ്റ കഴിഞ്ഞ ഭരണ സമിതി കുറ്റക്കാരായി പ്രതിപ്പട്ടികയിൽ വന്നിരിക്കുകയാണ്. ഉണ്ണികൃഷ്ണൻ പോറ്റിയുടെ നേതൃത്വത്തിൽ ദേവസ്വം ബോർഡിന്റെ അനുമതിയോട് കൂടി വലിയ തട്ടിപ്പാണ് നടത്തിയതെന്ന് നിലവിലെ ഭരണ സമിതിക്കും അറിയാമായിരുന്നു. എന്നിട്ടും, 2025ൽ ഉണ്ണികൃഷ്ണൻ പോറ്റിയെ വിളിച്ചു വരുത്തുകയാണുണ്ടായത്. ഹൈക്കോടതി പുറത്തു വിട്ടത് ഞെട്ടിക്കുന്ന തെളിവുകളാണ്.

അടിയന്തരമായി ദേവസ്വം മന്ത്രി രാജിവെക്കണം, ബോർഡിനെ ചവിട്ടി പുറത്താക്കണം- പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു.

# വനിതകൾക്ക് സർക്കാർ പദവിയും 30,000 രൂപ പ്രതിമാസ ശമ്പളവും നൽകും: തേജസ്വി യാദവ്



പാറ്റ്ന: ബീഹാർ നിയമസഭാ തിരഞ്ഞെടുപ്പിലെ വനിതാ വോട്ടുകൾ ലക്ഷ്യം വച്ച് വൻ പ്രഖ്യാപനങ്ങളുമായി രാഷ്ട്രീയ ജനതാദൾ പാർട്ടി (ആർജെഡി) നേതാവ് തേജസ്വി യാദവ്. ഗ്രാമീണ ഉപജീവന ദൗത്യവുമായി ബന്ധപ്പെട്ട 'ജീവിക ദീദിസ്' എന്ന വനിതകൾക്ക് സർക്കാർ ജോലിയും 30,000 രൂപ പ്രതിമാസ ശമ്പളവും നൽകുമെന്നാണ് ആർജെഡി നേതാവിന്റെ പ്രഖ്യാപനം. നൽകുന്ന എല്ലാ വാഗ്ദാനങ്ങളും ഞങ്ങൾ നിറവേറ്റും. ജീവിക ദീദിസ് നേരിടുന്ന ചൂഷണത്തിന്റെ വ്യാപ്തി വളരെ വലുതാണ്. അവരുടെ ജോലി സാഹചര്യങ്ങളും പരാതികളും കേട്ടതിന് ശേഷമാണ് ഇത്തരമൊരു തീരുമാനമെന്നും തേജസ്വി യാദവ് പറഞ്ഞു.

നേരത്തെ, തിരഞ്ഞെടുപ്പിനുള്ള സ്ഥാനാർത്ഥികളുടെ പട്ടിക ആർജെഡി പുറത്തിറക്കിയിരുന്നു. 143 സീറ്റുകളിലാണ് പാർട്ടി മത്സരിക്കുന്നത്. അതിൽ 24 വനിതകളും ഉൾപ്പെടുന്നുണ്ട്. രണ്ടാം ഘട്ടത്തിലേക്കുള്ള നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന ദിവസമായിരുന്നു ഔദ്യോഗിക പട്ടിക ആർജെഡി പുറത്തിറക്കിയത്. തേജസ്വി യാദവിനെ മുഖ്യമന്ത്രി സ്ഥാനാർഥിയായി ഉയർത്തിക്കാട്ടിയാണ് മഹാസഖ്യത്തിന്റെ പ്രചരണം. വൈശാലി ജില്ലയിലെ രാഘോപൂരിലാണ് യാദവ് മത്സരിക്കുന്നത്.

ലളിത് യാദവ് ദർഭംഗ റൂറലിലും ദിലീപ് സിംഗ് ബറൗലിയിലും രാം വിലാസ് പാസ്വാൻ പിർപൈന്തിയിലും (എസ്സി), സാവിത്രി ദേവി ചക്കായിലും മത്സരിക്കും. ആർജെഡി 143, കോൺഗ്രസ് 61, സിപിഐ എംഎൽ 20 സീറ്റുകളിലുമാണ് മത്സരം. ബാക്കിയുള്ള സീറ്റുകൾ മുകേഷ് സഹാനിയുടെ വിഐപിയിലേക്ക് നൽകുമെന്നാണ് സാധ്യത.

## അനധികൃത കാലിക്കടത്ത്; കർണാടകയിൽ മലയാളിക്ക് വെടിയേറ്റു



ബംഗളൂരു: കർണാടകയിലെ പുത്തൂരിൽ മലയാളിക്ക് വെടിയേറ്റു. അനധികൃത കാലിക്കടത്താണെന്ന് ആരോപിച്ച് കർണാടക പൊലീസാണ് ലോറി ഡ്രൈവറായ മലയാളിയെ വെടിവച്ചത്. കാസർകോട് സ്വദേശി അബ്ദുള്ളയ്ക്കാണ് (40) വെടിയേറ്റത്. കന്നുകാലികളെ കടത്തിയ ലോറി പൊലീസ് തടഞ്ഞപ്പോൾ നിർത്തിയില്ല.

തുടർന്ന് ലോറിയെ പിന്തുടർന്ന പൊലീസ് വെടിയുതിർക്കുകയായിരുന്നു. അബ്ദുള്ളയുടെ കാലിലാണ് വെടിയേറ്റത്. ഒരു വെടിയുണ്ട വാഹനത്തിലും തറച്ചു. പുത്തൂർ ഭാഗത്ത് വച്ചാണ് സംഭവം നടന്നത്. അബ്ദുള്ളയെ മംഗളൂരുവിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ലോറിയിൽ ഒപ്പമുണ്ടായിരുന്നയാൾ ഓടി രക്ഷപ്പെട്ടു. സംഭവത്തിൽ പൊലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## ചികിത്സാ ധനസഹായ പദ്ധതി



ഇരിങ്ങാലക്കുട: എൻ എസ് എസ് മുകുന്ദപുരം താലൂക്ക് യൂണിയൻ പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ചികിത്സാ ധനസഹായ പദ്ധതിയുടെ താലൂക്ക് തല ഉത്ഘാടനം പ്രമുഖ വ്യവസായിയും ചെറുവാളൂർ കരയോഗം പ്രസിഡന്റുമായ ശശി ചക്കമത്ത് യൂണിയൻ ചെയർമാൻ അഡ്വ. ഡി.ശങ്കരൻകുട്ടിക്ക് നല്കികൊണ്ട് നിർവ്വഹിച്ചു. ഒന്നര ലക്ഷം രൂപ ബാങ്കിൽ നിക്ഷേപിച്ചാൽ കിട്ടാവുന്ന പലിശയ്ക്ക് തുല്യമായ തുകയാണ് ഇദ്ദേഹം ഓരോ വർഷവും എന്റോവ്മെന്റായി നല്കുന്നത്. പല വിധ അസുഖങ്ങൾ മൂലം ബുദ്ധിമുട്ട് അനുഭവിയ്ക്കുന്ന സാമ്പത്തികമായി പിന്നാക്കം നില്കുന്ന കുടുംബങ്ങൾക്ക് ധനസഹായം എത്തിയ്ക്കുക എന്നതാണ് ഉദ്ദേശം.. ചികിത്സാ /വിവാഹ/വിദ്യാഭ്യാസ ധനസഹായങ്ങളിലേയ്ക്കായി ഈ സാമ്പത്തിക വർഷം 20 ലക്ഷം രൂപ സമാഹരിക്കുക എന്നതാണ് യൂണിയന്റെ ലക്ഷ്യം

യൂണിയൻ സെക്രട്ടറി എസ്. കൃഷ്ണകുമാർ യൂണിയൻ കമ്മിറ്റി അംഗങ്ങളായ പി.ആർ അജിത്ത് കുമാർ, സി. വിജയൻ, സുനിൽ കെ മേനോൻ, നന്ദൻ പറമ്പത്ത്, എൻ ഗോവിന്ദൻകുട്ടി, ആർ ബാലകൃഷ്ണൻ, എ ജി. മണികണ്ഠൻ, രവി കണ്ണൂർ, കെ. രാജഗോപാൽ, പ്രതിനിധി സഭാംഗങ്ങളായ സി.ബി രാജൻ, എസ്.ഹരീഷ് കുമാർ, കെ. ആർ മോഹനൻ, കെ.ബി ശ്രീധരൻ, വനിതാ യൂണിയൻ പ്രസിഡന്റ് ജയശ്രീ അജയ്, യൂണിയൻ ഇലക്ടറൽ റോൾ മെമ്പർ എസ്. ശ്രീകുമാർ, എൻ എസ് എസ് ഇൻസ്പെക്ടർ ബി. രതീഷ് എന്നിവർ സന്നിഹിതരായിരുന്നു.

## തന്റെ ഐഡന്റിറ്റി വെളിപ്പെടുത്തി; വേടനെതിരായ കേസിൽ പരാതിക്കാരി ഹൈക്കോടതിയിൽ

കൊച്ചി: റാപ്പർ വേടനെതിരായ ലൈംഗികാതിക്രമക്കേസിൽ മൊഴിയെടുക്കാനുള്ള പൊലീസിന്റെ നോട്ടീസിനെതിരെ പരാതിക്കാരി ഹൈക്കോടതിയിൽ. പൊലീസയച്ച നോട്ടീസ് തന്റെ ഐഡന്റിറ്റി വെളിപ്പെടുത്തുന്നതാണെന്നും നോട്ടീസ് റദ്ദാക്കണമെന്നും ആവശ്യപ്പെട്ടാണ് യുവതി ഹൈക്കോടതിയെ സമീപിച്ചത്.

ഓഗസ്റ്റ് 21ന് ഗവേഷക വിദ്യാർത്ഥിനി മുഖ്യമന്ത്രിക്ക് മെയിൽ മുഖേനെ നൽകിയ പരാതിയിലാണ് എറണാകുളം സെൻട്രൽ പൊലീസ് കേസെടുത്തത്. തങ്ങളുടെ പക്കലുണ്ടായിരുന്നത് മെയിൽ ഐഡിയിൽ നിന്നുള്ള വിവരങ്ങൾ മാത്രമായിരുന്നുവെന്നും ഇത് കൊണ്ടു മാത്രം അന്വേഷണവുമായി മുന്നോട്ട് പോകാൻ സാധിക്കില്ലെന്നുമായിരുന്നു പൊലീസ് വ്യക്തമാക്കിയിരുന്നത്. ഈ പശ്ചാത്തലത്തിലാണ് പരാതിക്കാരിക്ക് പൊലീസ് നോട്ടീസ് അയച്ചത്. ഈ നോട്ടീസിനെതിരെയാണ് യുവതി ഹൈക്കോടതിയെ സമീപിച്ചിരിക്കുന്നത്.

എന്നാൽ യുവതിയുടെ മൊഴിയെടുക്കാതെ അന്വേഷണവുമായി മുന്നോട്ട് പോകാൻ സാധിക്കില്ലെന്നാണ് അന്വേഷണ ഉദ്യോഗസ്ഥർ വ്യക്തമാക്കുന്നത്. കൃത്യമായ ചട്ടങ്ങൾ പാലിച്ചാണ് നോട്ടീസ് അയച്ചതെന്നും പൊലീസ് വ്യക്തമാക്കി. കേസിൽ നേരത്തെ ജില്ലാ കോടതി വേടന് ജാമ്യം അനുവദിച്ചിരുന്നു. ഗവേഷക വിദ്യാർത്ഥിനിയെ ഫ്ളാറ്റിൽ വിളിച്ചുവരുത്തി ലൈംഗിക ഉദ്ദേശ്യത്തോടെ കടന്നുപിടിക്കുകയും ഉപദ്രവിക്കുകയും ചെയ്തെന്നാണ് എറണാകുളം സെൻട്രൽ പൊലീസ് രജിസ്റ്റർ ചെയ്ത കേസ്. 2020 ഡിസംബറിലാണ് സംഭവം നടന്നത്.

ആദിവാസി ഗോത്ര വിഭാഗങ്ങളുടെ സംഗീതത്തെക്കുറിച്ചുള്ള ഗവേഷണത്തിന്റെ ഭാഗമായാണ് പരാതിക്കാരി വേടനെ ബന്ധപ്പെട്ടത്. വേടന്റെ നിർദ്ദേശപ്രകാരം വിവരങ്ങൾ ശേഖരിക്കാൻ എറണാകുളത്ത് എത്തിയ വിദ്യാർത്ഥിനിയെ ഫ്ളാറ്റിലേക്ക് കൂട്ടിക്കൊണ്ടുപോയി ഉപദ്രവിക്കുകയായിരുന്നു. പ്രാണരക്ഷാർത്ഥം ഓടി രക്ഷപ്പെട്ടെന്നും പരാതിയിലുണ്ട്.

## വ്യാപാരിയുടെ ആത്മഹത്യ കൊള്ളപ്പലിശക്കാരുടെ ഭീഷണിയെന്ന് പരാതി

കുന്നംകുളം: ഗുരുവായൂരിൽ വ്യാപാരി ആത്മഹത്യ ചെയ്തത് കൊള്ള പലിശക്കാരുടെ ഭീഷണി മൂലമെന്ന് ബന്ധുക്കളുടെ പരാതി. 2000 രൂപ കുറഞ്ഞതിന് മകന്റെയും ഭാര്യയുടെയും മുന്നിലിട്ട് മർദ്ദിച്ചുവെന്നും പരാതി. ഗുരുവായൂർ കർണംകോട്ട് ബസാർ സ്വദേശി മുസ്തഫയാണ് മരിച്ചത്.


### കോടതി പരസ്യം

**ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ**

EP: 1207/2025, RCP: 15/2024

ലൈസ ആന്റണി W/o ഡോ. ആന്റണി, Antony Mansion കൊടലിപറമ്പിൽ ഹൗസ്, ഇരിങ്ങാലക്കുട ദേശം, ഇരിങ്ങാലക്കുട വില്ലേജ്, മുകുന്ദപുരം താലൂക്ക്

-വിധി ഉടമ/ഹരജിക്കാരി

1) ബിബിൻ കെ ബി, S/o ബാബു കെ കെ., കിഴക്കേവളപ്പിൽ ഹൗസ്, നടവരമ്പ് ദേശം, വേളൂക്കര വില്ലേജ്, മുകുന്ദപുരം താലൂക്ക്

2) Billian Bees International Pvt. Ltd. നു വേണ്ടി Managing Director, Bibin K.B., XXII/564-A-18, 2nd ZFloor Palm Square Mall ഇരിങ്ങാലക്കുട ദേശം, ഇരിങ്ങാലക്കുട വില്ലേജ്, മുകുന്ദപുരം താലൂക്ക്

- വിധി കടക്കാർ/എതൃകക്ഷികൾ

എതൃകക്ഷികളിൽ നിന്നും ഹരജി പട്ടിക വഹകൾ ഒരു കോർട്ട് ആമീൻ മുഖാന്തിരം വിട്ടൊഴിപ്പിച്ച് കിട്ടുന്നതിനും മറ്റുമായി ബോധിപ്പിച്ച ഹരജിയിൽ 1, 2 എതൃകക്ഷികളെ അറിയിക്കുന്നത്: മേൽ നമ്പർ കേസ് **15-11-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്ന് കാലത്ത് 11 മണിക്ക് കോടതിയിൽ നിങ്ങളോ നിയമപ്രകാരം അധികാരപ്പെടുത്തിയ ഏജന്റ് മുഖാന്തിരമോ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പറിൽ തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 15-10-2025

വിധി ഉടമ/ഹർജിക്കാർ ഭാഗം അഡ്വക്കെറ്റ്

**രാജേഷ് തമ്പാൻ** (ഒപ്പ്)



## ഒല്ലൂർ സെന്റ് ആന്റണീസ് ഫൊറോന പള്ളിയിൽ വി. റപ്പായേൽ മാലാഖയുടെ തിരുനാൾ ആശംസകൾ












